**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല പരീക്ഷകൾ - കോളേജ് പ്രവർത്തനം നിർത്തലാക്കൽ - വെച്ചൂച്ചിറ വിശ്വബ്രാഹ്മണ കോളേജിൽ പഠിച്ച വിദ്യാർത്ഥികൾക്ക് STAS ചുട്ടിപ്പാറ , എം.ഇ.എസ്. കോളേജ്, എരുമേലി എന്നിവ പരീക്ഷാകേന്ദ്രം ആയി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5055/EA 2/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.06.2025

---

*പരാമർശം:-*വെച്ചൂച്ചിറ വിശ്വബ്രാഹ്മണ കോളേജ് പ്രിൻസിപ്പലിന്റെ 19.05.2025 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറയിലുള്ള വിശ്വബ്രാഹ്മണ കോളേജ് പ്രവർത്തനം പൂർണ്ണമായി നിർത്തലാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കോളേജിൽ B.Sc.Cyber Forensic Model III , M.Com എന്നീ പ്രോഗ്രാമുകൾക്ക് പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ഇനിയുള്ള സർവ്വകലാശാലാ പരീക്ഷകൾ എഴുതുന്നതിന് പ്രസ്തുത പ്രോഗ്രാമുകൾ നടത്തുന്ന സമീപ പ്രദേശത്തെ ഏതെങ്കിലും കോളേജുകൾ സെന്ററായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കോളേജ് പ്രിൻസിപ്പൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

മേൽ സാഹചര്യത്തിൽ, സർവ്വകലാശാല ഇനി മേൽ നടത്തുന്ന എല്ലാ സപ്ലിമെന്ററി / മേഴ്സി ചാൻസ് പരീക്ഷകൾക്കും, വിശ്വബ്രാഹ്മണ കോളേജിലെ B.Sc.Cyber Forensic **പ്രോഗ്രാം വിദ്യാർത്ഥികൾക്ക് സ്കൂൾ ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസസ് (STAS), ചുട്ടിപ്പാറയും ; M.Com വിദ്യാർത്ഥികൾക്ക് എരുമേലി എം.ഇ.എസ്.കോളേജും** പരീക്ഷാ കേന്ദ്രമായി അനുവദിച്ചു കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശബരീഷ് ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ, വിശ്വബ്രാഹ്മണ കോളേജ് , വെച്ചൂച്ചിറ

Draft #7 of File 130524/EA 2-1/2024/EXAM Approved by ASSISTANT REGISTRAR XI (EXAM) on 02-Jun-2025 01:39 PM - Page 1

2. പ്രിൻസിപ്പൽ, എം.ഇ.എസ്. കോളേജ്, എരുമേലി / STAS ചുട്ടിപ്പാറ
3. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ. മാർ
5. ജെആർ/ ഡിആർ/എആർ (പരീക്ഷ)
6. സിഇ സെക്ഷൻ / ഇബി സെക്ഷനുകൾ
7. സിബിസിഎസ്എസ് 8 / EH 7 സെക്ഷനുകൾ
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #7 of File 130524/EA 2-1/2024/EXAM Approved by ASSISTANT REGISTRAR XI (EXAM) on 02-Jun-2025 01:39 PM - Page 2